**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 182** | **02.03.2020-ലെ മറുപടിക്ക്** |

## പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ<br>,, വി. അബ്ദുറഹിമാൻ<br>,, പി.ടി.എ. റഹീം<br>,, കെ.ഡി. പ്രസേനൻ** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹ്യ വികസനം സാധ്യമാക്കുന്നതിന് ആവിഷ്കരിച്ച സുപ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിനു നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും, സമയാസമയങ്ങളിൽ പദ്ധതി അവലോകനത്തിനായി മുഖ്യമന്ത്രി വിളിച്ച ചേർക്കുന്ന പ്രത്യേക യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പുരോഗതി മാസം തോറും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പ്രത്യേകമായും വിലയിരുത്താറുണ്ട്. വകുപ്പ് തലത്തിലും പദ്ധതികളുടെ അവലോകന യോഗങ്ങൾ ഓരോ മാസത്തിലും നടത്തപ്പെടുന്നുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഭൂമി ഏറ്റെടുത്തു നൽകാതിരുന്നതിനാൽ ഉപേക്ഷിക്കപ്പെട്ടിരുന്ന കൊച്ചി-മംഗലാപുരം, കൊച്ചി-കോയമ്പത്തൂർ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം (48കി.മി) എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി-മംഗലാപുരം (444 കിമി) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മി.) 19.06.2019 ന് കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള അവശേഷിക്കുന്ന 347 കിലോ മീറ്ററിൽ കോഴിക്കോട് ജില്ലയിലെ ഇരവഴിഞ്ഞിപ്പുഴ, കാസർകോട് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ എന്നീ നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി |

മാത്രമാണ് ബാക്കിയുള്ളത്. ഈ രണ്ട് ക്രോസിങ്ങുകൾ ഉൾപ്പടെ പൈപ്പ് ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ച് 31 നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൈപ്പ് ലൈൻ സുരക്ഷാ പരിശോധനകൾക്കും മറ്റ് പ്രീ കമ്മീഷൻ പ്രവർത്തനങ്ങൾക്കും സമയം ആവശ്യമുള്ളതിനാൽ പദ്ധതി 2020 മെയ് 1-ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

കൊച്ചി-കോയമ്പത്തൂർ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായ കുറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ 93.8 കി.മി) 95% വെൽഡിങ്ങ് പൂർത്തീകരിച്ച കഴിഞ്ഞു. പദ്ധതി 2020 ജൂലൈ31-നകം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) വീട്ടുകളിലേക്ക് പ്രകൃതി വാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളിൽ വീട്ടുകളിലേക്ക് പാചക വാതകം എത്തിക്കുന്നതിനുള്ള സിറ്റി ഗ്യാസ് പദ്ധതിയുടെ കരാർ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. 63.71 കി.മീ. ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. 20.02.2016-ൽ ആദ്യ പി.എൻ.ജി. സ്റ്റേഷൻ, 22.03.2018-ൽ ആദ്യ സി.എൻ.ജി. സ്റ്റേഷനും എറണാകുളത്തു കമ്മീഷൻ ചെയ്തു. 63.25 കി.മീ. medium density poly ethylene (MDPE) പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 40,774 വീട്ടുകളിൽ ഉപഭോക്തൃ കണക്ഷൻ നൽകിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ,

കാസർഗോഡ്, മാഹി എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് ഉള്ള നടപടികൾ ഇന്ത്യൻ ഓയിൽ- അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) നടപ്പാക്കിവരുന്നു. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി Atlantic Gulf & Pacific (AG&P) എന്ന കമ്പനിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഹരിത ഇന്ധനങ്ങളായ എൽ.എൻ.ജി., സി.എൻ.ജി. തുടങ്ങിയവ വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരത്തു ആനയറയിൽ 1.78ഏക്കർ IOC-ക്കു 30 വർഷത്തേക്ക് പാട്ടത്തിനു കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ